പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4290

27.6.2013 ലെ മറുപടിക്ക്

## അധ്യാപകർക്ക് ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗം അധ്യാപകർക്ക് ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു;<br><br>(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) യും (ബി) യും<br><br>നില ,വിലുള്ള നിയമപ്രകാരം അർഹതയുള്ളവരെ ഉൾപ്പെടുത്തി മാത്രമാണ് ഉത്തരവുപുറപ്പെടുവിച്ചിട്ടുള്ളത് |
| (സി) നാളിതുവരെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ആകുന്നതിനുള്ള യോഗ്യത എന്തായിരുന്നു; | (സി) സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യപകരുടെ നിയമനം സീനിയോറിറ്റി അടിസ്ഥാനമാക്കിയാണ്. സംസ്ഥാന തലത്തിൽ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡി.പി.സി തീരുമാനത്തിന് വിധേയമായിട്ടാണ് നിയമനം നടത്തുന്നത്. നിയമിക്കപ്പെടുന്നവർക്ക ചുവടെ ചേർക്കുന്ന യോഗ്യത ഉണ്ടായിരിക്കണം.<br>1. അംഗീകൃതസർവ്വകലാശാല ബിരുദം<br>2. ബി.എഡ്/ബിറ്റി/എൽ.റ്റി ബിരുദം<br>3. അക്കൗണ്ട് ടെസ്റ്റ് (ലോവർ/കെ.ഇ.ആർടെസ്റ്റ്) എന്നിവ നിർബന്ധമായും പാസ്സായിരിക്കണം. കൂടാതെ 12 വർഷത്തെ ഗ്രാജ്വേറ്റ് അദ്ധ്യാപക സർവ്വീസ് പൂർത്തിയായിരിക്കണം |

| | | | |
|---|---|---|---|
| (ഡി) | പുതിയ ഉത്തരവ് പുറപ്പെടുവിച്ചതിലൂടെ ഇപ്പോൾ ഏതെല്ലാം യോഗ്യതയുള്ളവർക്ക് ഹെഡ്മാസ്റ്റർ ആകാൻകഴിയും;<br>പ്രസ്തുത യോഗ്യത വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ബാധകമല്ല |
| (ഇ) | സംസ്ഥാന വ്യാപകമായി വിദ്യാഭ്യാസ വകുപ്പിൽ പ്രാബല്യത്തിൽ വരുന്ന ഉത്തരവുകൾ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് പുറപ്പെടുവിക്കുന്നത് ; | (ഇ) | സംസ്ഥാന വ്യാപകമായി വിദ്യാഭ്യാസ വകുപ്പിൽ പ്രാബല്യത്തിൽ വരുന്ന ഉത്തരവുകൾ അണ്ടർസെക്രട്ടറി തലം മുതലുള്ള ഉദ്യോഗസ്ഥരാണ് പുറപ്പെടുവിക്കുന്നത്. |

സെക്ഷൻഓഫീസർ